# Focus are SSLC March 2022

## സാമൂഹ്യ ശാസ്ത്രം–II

## CHAPTER-10



# 1986 -ലെ ഉപഭോക്തൃസംരക്ഷണ നിയമത്തിന്റെ ഫലമെന്ത്?

-ഉപഭോക്താവിന്റെ അവകാശങ്ങൾ സ്പഷ്ടമായി നിർവചിക്കുകയും ഉപഭോക്തൃ സംരക്ഷണത്തിനായി ഇന്ത്യയിൽ പ്രത്യേക നീതിന്യായ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തതാണ് 1986 ലെ ഉപഭോക്തൃസംരക്ഷണ നിയമത്തിന്റെ ഫലങ്ങൾ.

-ഉപഭോക്തൃകോടതികൾ സ്ഥാപിക്കപ്പെട്ടത് ഈ നിയമത്തിന്റെ ഫലമായിട്ടാണ്.

BIJU K K GHSS TUVVUR, MALAPPURAM

# 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ ഏവ?

-ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം.

-സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.

-ന്യായവിലയ്ക്ക് സാധനവും സേവനവും ലഭിക്കാനുള്ള അവകാശം.

-അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്ക് പരിഹാരം തേടാനുള്ള അവകാശം.

-ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം.

# എന്താണ് ഉപഭോക്തൃ കോടതികൾ?

-ഉപഭോക്താവിന് ഉത്പാദകരിൽ നിന്നും വിതരണക്കാരിൽ നിന്നും തൃപ്തികരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുമ്പോൾ നിയമപരമായി സഹായിക്കാൻ ചുമതലപ്പെട്ട സംവിധാനമാണ് ഉപഭോക്തൃ കോടതികൾ.

-ഉപഭോക്തൃ തർക്കങ്ങളിൽ ഇടപെട്ട് നഷ്ടപരിഹാരം ഉൾപ്പെടെ ഉപഭോക്താവിന് നീതി ലഭ്യമാക്കുന്നതിൽ ഉപഭോക്തൃ കോടതികൾ നിർണായക പങ്കുവഹിക്കുന്നു.

-ഉപഭോക്താക്കളിൽ ആത്മവിശ്വാസം സൃഷ്ടിക്കുകയും ജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്തുകയും ചെയ്യുന്നതിന് ഉപഭോക്തൃ കോടതികൾക്ക് കഴിയും

BIJU K K GHSS TUVVUR, MALAPPURAM

# ഇന്ത്യയിലെ ത്രിതല ഉപഭോക്തൃ കോടതികൾ.

| കോടതികൾ | ഘടന | അധികാരം |
|---|---|---|
| -ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം. | -ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു<br>-പ്രസിഡൻ്റും 2 അംഗങ്ങളും.<br>-ഒരംഗമെങ്കിലും വനിത. | -20 ലക്ഷം രൂപവരെയുള്ള ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്താവിൻ്റെ പരാതി സ്വീകരിച്ച് തെളിവെടുപ്പ് നടത്തി തീർപ്പ് കൽപിക്കുന്നു. |
| -സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മിഷൻ. | -സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു.<br>-പ്രസിഡണ്ടും 2 അംഗങ്ങളും.<br>-ഒരംഗമെങ്കിലും വനിത.<br>-കൂടുതൽ അംഗങ്ങളെ നിയമിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. | -20 ലക്ഷം രൂപയ്ക്ക് മുകളിൽ ഒരു കോടി വരെയുള്ള തർക്കങ്ങളിൽ തീർപ്പ് കൽപിക്കുന്നു. |
| -ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ. | -ദേശീയതലത്തിൽ പ്രവർത്തിക്കുന്നു.<br>-പ്രസിഡൻ്റും നാലിൽ കുറയാത്ത അംഗങ്ങളും. | -ഒരു കോടി രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന തർക്കങ്ങളിൽ തീർപ്പ് കൽപിക്കുന്നു. |

# ഉപഭോക്തൃ കോടതികളുടെ പ്രധാനസവിശേഷതകൾ.(സാധാരണ കോടതിയിൽ നിന്നും ഉപഭോക്തൃ കോടതികളുടെ വ്യത്യാസങ്ങൾ)

-നടപടിക്രമങ്ങൾ ലളിതമാണ്.

-അതിവേഗം നീതി ഉറപ്പുവരുത്തുന്നു.

-വ്യവഹാര ചിലവ് വളരെ കുറവ്.

# ഉപഭോക്തൃ തർക്കങ്ങളിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ.

-വിലക്കുവാങ്ങിയ സാധനത്തിന് കേട്ടുപാടുകൾ അല്ലെങ്കിൽ പോരായ്മകൾ സംഭവിക്കുക.

-വിവിധ സർക്കാർ സർക്കാരേതര സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സേവനത്തിന് പോരായ്മകൾ ഉണ്ടാവുക.

-നിയമാനുസൃതം രേഖപ്പെടുത്തിയിട്ടുള്ളതോ നിർണയിക്കപ്പെട്ടിട്ടുള്ള-തോ ആയ വിലയേക്കാൾ കൂടുതൽ തുക ഈടാക്കുക.

-മായം ചേർക്കൽ നിരോധനനിയമംലംഘിക്കുക.

-ജീവന് ഹാനികരമായതോ സുരക്ഷിതമല്ലാത്തതോ ആയ സാധനങ്ങൾ വിൽക്കുക.

-ന്യായ രഹിതവും ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെ പരിമിത പ്പെടുത്തുന്നതുമായ വ്യാപാര നടപടികൾ മൂലം നഷ്ടം ഉണ്ടാവുക.

-വിൽപ്പന ത്വരിതപ്പെടുത്തുന്നതിന് വേണ്ടി തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക.

# ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ

- പകരം സാധനം നൽകൽ,
- നൽകിയ പണം (അധികമായി ഈടാക്കിയ പണം) തിരിച്ചു നൽകൽ,
- നഷ്ടം നികത്തുന്നതിനുള്ള തുക ലഭ്യമാക്കൽ,
- സേവനത്തിലെ കോട്ടങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശം നൽകൽ,
- ദോഷകരമായ വ്യാപാര നടപടികൾ നിർത്തലാക്കൽ,
- ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ വില്പന നിരോധിക്കൽ,
- പരാതി ചെലവ് ലഭ്യമാക്കൽ.

# 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം രൂപം കൊണ്ട ത്രിതല ഉപഭോക്തൃ സംരക്ഷണ ഉപദേശക സമിതികൾ.

-ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിൽ.

-സംസ്ഥാന ഉപഭോക്തൃസംരക്ഷണകൗൺസിൽ.

-ദേശീയ ഉപഭോക്തൃ സംരക്ഷണ കൗൺസിൽ.

# ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഭരണ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളും സ്ഥാപനങ്ങളും.

| വകുപ്പുകളും സ്ഥാപനങ്ങളും | പ്രവർത്തനം |
|---|---|
| -ലീഗൽ മെട്രോളജി വകുപ്പ് | -അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു. |
| -ഭക്ഷ്യസുരക്ഷാ വകുപ്പ് | -ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു. |
| -കേന്ദ്ര ഔഷധവില നിർണയ കമ്മിറ്റി | -മരുന്നുകളുടെ വില നിയന്ത്രിക്കുന്നു. |
| -ഡ്രഗ്സ് കൺട്രോൾ വകുപ്പ് | -മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു. |
| -ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ | -ഉൽപാദനം, വിതരണം, സംവരണം, വിൽപന, ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു. |

# ALL THE BEST

BIJU KK

GHSS TUVVUR

*MALAPPURAM* - *9778300200*